"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ് - ജീവനക്കാര്യം - കണിയാപുരം എം.ജി. ഹയർ സെക്കന്ററി സ്കൂളിലെ ഓഫീസ് അറ്റൻഡന്റ് ശ്രീ. മുരളി മോഹൻ വി.എസ്. ഫയൽ ചെയ്ത റിട്ട് ഹർജി നം.3447/2025-ൽ 28.01.2025 തീയതി ബഹു. കേരള ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായം പാലിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**പൊതുവിദ്യാഭ്യാസ (എസ്) വകുപ്പ്**

സ.ഉ.(സാധാ) നം.4087/2025/GEDN തീയതി,തിരുവനന്തപുരം, 21-06-2025

---

പരാമർശം:-

1. ശ്രീ. മുരളി മോഹൻ വി.എസ് സർക്കാരിൽ സമർപ്പിച്ച 14/1/2025ലെ റിവിഷൻ ഹർജ്ജിയും (എക്സിബിറ്റ് പി 9) 23/4/2025ലെ ഹിയറിംഗ് നോട്ടും
2. റിട്ട് ഹർജി നം.3447/2025-ൽ 28.01.2025 തീയതി ബഹു. കേരള ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായം
3. മാനേജരുടെ 14/3/2025ലെ M/101/2025 നമ്പർ ഹിയറിംഗ് നോട്ട്
4. പ്രിൻസിപ്പലിന്റെ 15/3/2025ലെ 149/2025 നമ്പർ ഹിയറിംഗ് നോട്ട്
5. പൊതുവിദ്യാഭ്യാസ ഡയറക്ടർ (ഹയർ സെക്കന്ററി വിഭാഗം)-ടെ 25/4/2025ലെ ACD B3/3083/2025/HSE നമ്പർ ഹിയറിംഗ് റിപ്പോർട്ട്

**ഉത്തരവ്**

കണിയാപുരം എം.ജി. ഹയർ സെക്കന്ററി സ്കൂളിലെ ഓഫീസ് അറ്റൻഡന്റ് ശ്രീ. മുരളി മോഹൻ വി.എസ്. ഫയൽ ചെയ്ത റിട്ട് ഹർജി നം.3447/2025-ൽ 28.01.2025 തീയതി ബഹു.ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായത്തിൽ ഹർജിക്കാരൻ സർക്കാരിൽ സമർപ്പിച്ച എക്സിബിറ്റ് പി9 റിവിഷൻ ഹർജി, ഹർജിക്കാരൻ, ബന്ധപ്പെട്ടവർ എന്നിവരെ കേട്ട്, വിധിപ്പകർപ്പ് കിട്ടി രണ്ട് മാസത്തിനകം തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുവാൻ ഒന്നാം എതിർകക്ഷിയായ സർക്കാരിന് നിർദ്ദേശം നൽകിയിരുന്നു.

2. സർക്കാർ ഈ വിഷയം 28.04.2025 തീയതി ബന്ധപ്പെട്ടവരെ നേരിൽ കേട്ടു.

3. ഹർജിക്കാരൻ, വിദ്യാഭ്യാസ ഓഫീസർമാർ എന്നിവർ ഹിയറിംഗ് വേളയിൽ ചുവടെ പറയുന്ന വാദങ്ങൾ ഉന്നയിച്ചു.

**ഹർജിക്കാരന്റെ വാദഗതികളുടെ സംഗ്രഹം ഇപ്രകാരമാണ്.**

4. താൻ എം.ജി.എം ഹയർ സെക്കന്ററി സ്കൂളിലെ എച്ച്.എസ് വിഭാഗം ഓഫീസ് അറ്റൻഡന്റ് ആണെന്നും ടി സ്കൂളിലെ എച്ച്.എസ്.എസ് വിഭാഗം ജോലികളും തന്നെക്കൊണ്ട്

ചെയ്യിപ്പിക്കുന്നതിനുള്ള സ്കൂൾ അധികാരികൾ പുറപ്പെടുവിച്ചിട്ടുള്ള നിർദ്ദേശങ്ങൾ ഒഴിവാക്കിത്തരണമെന്നതാണ് ഹർജ്ജിക്കാരന്റെ പ്രധാന ആവശ്യം. ഹയർ സെക്കന്ററി സ്കൂളുകളുടെ അനദ്ധ്യാപകരുടെ ഓഫീസ് മേധാവി ബന്ധപ്പെട്ട പ്രഥമാദ്ധ്യാപകരായിരിക്കേ, കണിയാപുരം ഗേൾസ് എച്ച്.എസ്.എസ് ൽ മാത്രം അനദ്ധ്യാപകരുടെ നിയന്ത്രണാധികാരി പ്രിൻസിപ്പലിനെയാക്കി തിരുവനന്തപുരം ജില്ലാ വിദ്യാഭ്യാസ ഓഫീസർ ഉത്തരവിറക്കുകയും അതനുസരിച്ച് പ്രിൻസിപ്പൽ, ഓഫീസ് ഓർഡർ ഇറക്കുകയും ചെയ്തിട്ടുണ്ട്. ഇത് ചട്ടവിരുദ്ധമാണെന്ന് ഹർജ്ജിക്കാരൻ വാദിക്കുന്നു. ആയവ റദ്ദ് ചെയ്യണമെന്നും ആവശ്യപ്പെടുന്നു.

5. മുസ്ലിം ഗേൾസ് എച്ച്.എസ്.എസ് എച്ച്.എസ് വിഭാഗം തിരുവനന്തപുരം ഡി.ഇ.ഒ-യുടെ അധികാര പരിധിയിലും, എച്ച്.എസ്.എസ് വിഭാഗം തിരുവനന്തപുരം ആർ.ഡി.ഡി (എച്ച്.എസ്.ഇ) യുടെ അധികാര പരിധിയിലുമാണ് പ്രവർത്തിച്ചു വരുന്നത്. ഈ സ്കൂളിന്റെ എച്ച്.എസ് വിഭാഗവും എച്ച്.എസ്.എസ് വിഭാഗവും പ്രത്യേക ബ്ലോക്കുകളായാണ് പ്രവർത്തിക്കുന്നത്. എച്ച്.എസ് വിഭാഗം അണ്ടൂർക്കോണം ഗ്രാമപഞ്ചായത്ത് ആലുമ്മൂട് വാർഡിലും എച്ച്.എസ്.എസ് വിഭാഗം ഇതേ പഞ്ചായത്തിലെ തെക്കേവിള വാർഡിലുമായാണ് സ്ഥിതി ചെയ്യുന്നത്. ഈ രണ്ടു വാർഡുകളേയും കൊല്ലം തിരുവനന്തപുരം റെയിൽവേ ലൈൻ വേർതിരിക്കുന്നു. എച്ച്.എസ് വിഭാഗവും എച്ച്.എസ്.എസ് വിഭാഗവും തമ്മിലുള്ള അകലം റോഡ് മാർഗ്ഗം 2 km ആണ്. എച്ച്.എസ് വിഭാഗത്തിൽനിന്നും എച്ച്.എസ്.എസ് വിഭാഗത്തിലേക്ക് റെയിൽവേ ലൈനും 30 മീറ്ററോളമുള്ള റെയിൽവേ ഭൂമിയും മറികടന്നെത്താൻ മേൽപാലമില്ല.

6. ഡി.ഇ.ഒ-യുടെ ഉത്തരവ് പ്രകാരം ഒറ്റ ദിവസം കൊണ്ട് അനദ്ധ്യാപകരുടെ ഹാജർബുക്ക് പ്രിൻസിപ്പാളിന് കൈമാറുകയും അനദ്ധ്യാപകരെ എച്ച്.എസ് വിഭാഗത്തിലുള്ള ഭാരിച്ച ജോലിക്കു പുറമേ എച്ച്.എസ്.എസ് വിഭാഗത്തിലും കൂടി ജോലി ചെയ്യാൻ നിർബന്ധിതരാക്കിയിരിക്കുകയുമാണ്. അനദ്ധ്യാപകർ എച്ച്.എസ് വിഭാഗത്തിലുള്ള ഓഫീസ് റൂമിൽനിന്നും 2 km യാത്ര ചെയ്ത് എച്ച്.എസ്.എസ് വിഭാഗത്തിലെത്തി ജോലി ചെയ്യണമെന്നും റെയിൽവേ ലൈനും റെയിൽവേ വക സ്ഥലവും മറികടന്ന് എച്ച്.എസ്.എസ് വിഭാഗത്തിലെത്തി ജോലി ചെയ്യണമെന്നും നിർദ്ദേശിക്കുന്നത് ഖേദകരവും അനദ്ധ്യാപകർക്ക് സ്വാഭാവിക നീതിപോലും നിഷേധിക്കുന്നതുമാണെന്ന് ബോധിപ്പിക്കുന്നു. എച്ച്.എസ് വിഭാഗത്തിലെ ജോലികൾ ഹർജിക്കാരനടക്കമുള്ളവർ ഒരു പരാതിക്കും ഇടം നൽകാതെ ഭംഗിയായും ഫലപ്രദമായും നിർവ്വഹിച്ചുവരികയുമാണ്. ആകെയുള്ള 3 ലാസ്റ്റ് ഗ്രേഡ് ജീവനക്കാരിൽ ഒരാളെ എച്ച്.എസ്.എസ് വിഭാഗത്തിൽ ജോലി ചെയ്യുന്നതിൽനിന്നും ഡി.ഇ.ഒ-തന്നെ ഒഴിവാക്കിയിട്ടുമുണ്ട്.

7. മേൽ കാരണങ്ങളാൽ, എച്ച്.എസ്, എച്ച്.എസ്.എസ് ലയനം പൂർത്തിയായി അനദ്ധ്യാപകരുടെ ഡ്യൂട്ടി സംബന്ധിച്ച വ്യവസ്ഥകൾ സംസ്ഥാനത്തിനൊട്ടാകെ ബാധകമാകുന്നതുവരെ, ബഹു. ഡി.ഇ.ഒ-യുടെ ഉത്തരവും പ്രിൻസിപ്പാളിന്റെ ഓഫീസ് ഓർഡറും നടപ്പിലാക്കുന്നത് നിർത്തിവച്ചുത്തരവാകണമെന്നും ഹർജ്ജിക്കാരന്റെ തസ്തിക ഹൈസ്കൂൾ വിഭാഗത്തിലാണ് തസ്തിക നിർണ്ണയ ഉത്തരവ് പ്രകാരമനുവദിച്ചിട്ടുള്ളത് എന്നതിനാൽ എച്ച്.എസ്.എസ് വിഭാഗത്തിൽ കൂടി ജോലി നോക്കാനുള്ള നിർദ്ദേശം നടപ്പിലാക്കുന്നത് ഒഴിവാക്കണമെന്നും അത്തരത്തിൽ ശ്രീ. മുരളീമോഹൻ 14/01/2025 ൽ ബഹു. പൊ.വി. പ്രിൻസിപ്പൽ സെക്രട്ടറി മുമ്പാകെ സമർപ്പിച്ചിട്ടുള്ള പുനഃപരിശോധനാ ഹരജി തീർപ്പാക്കി, WP(C) No. 3447/2025 ന്മേൽ ബഹു. കേരള ഹൈക്കോടതി 28/01/2025ൽ പുറപ്പെടുവിച്ച വിധിന്യായം നടപ്പിലാക്കണമെന്നതാണ് ആവശ്യം.

**മാനേജർ, പ്രിൻസിപ്പൽ എന്നിവരുടെ വാദഗതികളുടെ സംഗ്രഹം ഇപ്രകാരമാണ്**

8. മുസ്ലിം ഗേൾസ് HSS കണിയാപുരം മുസ്ലിം ബോയ്സ് HS കണിയാപുരം എന്നീ രണ്ട് സ്കൂളുകൾ ഉൾപ്പെടുന്ന കോർപറേറ്റ് സ്ഥാപനമാണ്. മാനേജ്മെന്റിൽ ഫുൾടൈം മീനിയലായിരുന്ന ഹർജിക്കാരൻ 01-06-2024 മുതൽ ഓഫീസ് അറ്റൻഡർ ആയി പ്രൊമോഷൻ ലഭിച്ച് മുസ്ലിംഗേൾസ് HSS ൽ ജോലിചെയ്ത് വരുന്നു.

9. ടി സ്കൂളിലെ ക്ലാർക്കും ഹർജ്ജിക്കാരനും തന്നിഷ്ടപ്രകാരം മേശയും അലമാരയും മാറ്റിയിടുകയും ആയത് പ്രിൻസിപ്പലിന്റെ സുഗമമായ പ്രവർത്തനത്തിന് വിഘാതം സൃഷ്ടിക്കുകയും തുടർന്നുണ്ടായ പരാതിയിൽ തിരുവനന്തപുരം ജില്ലാ വിദ്യാഭ്യാസ ഓഫീസർ ഇടപെട്ട് സീറ്റ് പഴയ സ്ഥലത്തേക്ക് മാറ്റുകയും ചെയ്ത സംഭവമുണ്ടായിട്ടുണ്ട്. അതോടൊപ്പം ഇവരുടെ ഹൈസ്കൂൾ വിഭാഗത്തിലെ ഹാജർ ബുക്ക് പ്രിൻസിപ്പാലിനു കൈമാറാൻ ജില്ലാ വിദ്യാഭ്യാസ ഓഫീസർ നിർദ്ദേശിച്ചു. G.O.(P) NO:6/2019/GEdn തീയതി 30-06-2019 (S.R.O നമ്പർ 433/2019) പ്രകാരം KER-ൽ വരുത്തിയ ഭേദഗതി (അധ്യായം IX -റൂൾ 15 A അധ്യായം XIV A റൂൾ 57) പ്രകാരവും സ്കൂളിന്റെ ജനറൽ സൂപ്പർവിഷനും അനധ്യാപകരുടെ അവധി അനുവദിക്കാനുള്ള അധികാരവും പ്രിൻസിപ്പലിൽ നിക്ഷിപ്തമാണ് എന്നതിനാൽ ഡി.ഇ.ഒ യുടെ നടപടിയിൽ അപാകതയില്ല.

10. ഹയർ സെക്കണ്ടറിക്ക് പ്രത്യേകമായി അനധ്യാപക തസ്തികകൾ ഇപ്പോൾ അനുവദിച്ചിട്ടില്ല എങ്കിലും നിലവിൽ ഹൈസ്കൂൾ വിഭാഗം ക്ലാർക്ക് ഓഫീസ് അറ്റൻഡന്റ് എന്നിവർ തന്നെയാണ് ഹയർ സെക്കണ്ടറി ജോലികളും നിർവ്വഹിക്കാൻ ചുമതലപ്പെട്ടവർ. അതിന് ഇവർക്ക് പ്രത്യേക അലവൻസിനും അർഹതയുണ്ട്. സ്കൂളിന്റെ മേലധികാരി എന്ന നിലയിൽ പ്രിൻസിപ്പാൾ നിർദ്ദേശിക്കുന്ന ഓഫീസ് സംബന്ധമായ ജോലികൾ നിർവ്വഹിക്കാൻ ഹർജിക്കാരൻ നിയമപരമായി ബാധ്യസ്ഥനാണ്. ഓഫീസ് അറ്റൻഡറിന് കഠിനമോ, അതികഠിനമോ ആയ ജോലികൾ നിർവ്വഹിക്കാനില്ല. സ്കൂൾ തുറക്കുക, പൂട്ടുക, ബെല്ലടിക്കുക, ഓഫീസിലേക്കോ, മേൽ ഓഫീസിലേക്കോ വല്ലപ്പോഴും പോകേണ്ടി വരിക തുടങ്ങിയ ലഘു ജോലികൾ മാത്രമാണുള്ളത്.

11. മേൽ കാരണങ്ങളാൽ സ്കൂളിന്റെ സുഗമമായ നടത്തിപ്പിന് ഹർജിക്കാരന് താക്കീത് നൽകി ജോലിയിൽ വീഴ്ച ഉണ്ടാകാതെ അവ ചെയ്യുന്നതിന് നിർദ്ദേശം നൽകണമെന്നതാണ് ആവശ്യം.

**പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ട് ഇപ്രകാരമാണ്**

12. ടി സ്കൂൾ, മുസ്ലിം ഗേൾസ് എച്ച്.എസ്.എസ് കണിയാപുരം, മുസ്ലിം ബോയ്സ് എച്ച്.എസ് കണിയാപുരം എന്നീ രണ്ടു സ്കൂളുകൾ ചേർന്ന കോർപ്പറേറ്റ് സ്ഥാപനമാണ്. ഹർജിക്കാരൻ മുസ്ലിം ഗേൾസ് എച്ച്.എസ്.എസ്-ലെ ഹൈസ്കൂൾ വിഭാഗത്തിലെ ഓഫീസ് അറ്റൻഡന്റ് ആണ്. മാനേജ്മെന്റിൽ ഫുൾ ടൈം മീനിയൽ ആയിരുന്ന ടിയാന് 01/06/2024 മുതൽ ഓഫീസ് അറ്റൻഡന്റ് ആയി പ്രൊമോഷൻ ലഭിച്ച് മുസ്ലിം ഗേൾസ് എച്ച്.എസ്.എസ്സിൽ ജോലി നോക്കി വരുന്നു.

13. ടി സ്കൂളിലെ ക്ലാർക്കും ഹർജ്ജിക്കാരനും തന്നിഷ്ടപ്രകാരം മേശയും അലമാരയും മാറ്റിയിടുകയും ആയത് പ്രിൻസിപ്പലിന്റെ സുഗമമായ പ്രവർത്തനത്തിന് വിഘാതം സൃഷ്ടിക്കുകയും

തുടർന്നുണ്ടായ പരാതിയിൽ തിരുവനന്തപുരം ജില്ലാ വിദ്യാഭ്യാസ ഓഫീസർ ഇടപെട്ട് സീറ്റ് പഴയ സ്ഥലത്തേക്ക് മാറ്റുകയും ചെയ്ത സംഭവമുണ്ടായിട്ടുണ്ട്.

14. ഹയർ സെക്കൻഡറി അധ്യാപകരുടെയും ഹൈസ്കൂൾ അനധ്യാപകരുടെ ആകസ്മിക അവധി അനുവദിക്കേണ്ടതും ഹാജർ പുസ്തകം പരിപാലിക്കേണ്ടതും ഹയർസെക്കണ്ടറി പ്രിൻസിപ്പാൾ ആണെന്ന് നിർദ്ദേശം നല്കിയിട്ടുള്ളതാണ്. ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 21/12/2024 തിയ്യതിയിലെ ബി6/2303/2024/ഡി.ഇ.ഒ നമ്പർ കത്ത് പ്രകാരമുള്ള നടപടിയിൽ തെറ്റില്ല. ഹൈസ്കൂൾ കെട്ടിടവും, ഹയർ സെക്കൻഡറി കെട്ടിടവും റെയിൽവേ ട്രാക്കിന് ഇരുവശത്തു സ്ഥിതി ചെയ്യുന്ന എങ്കിലും രണ്ടിനും ട്രാക്ക് മുറിച്ചു കടക്കാതെ പ്രവേശിക്കാൻ പ്രത്യേക പ്രവേശന കവാടങ്ങൾ ഉണ്ട്. വീട്ടിൽ നിന്നും ദിവസവും മോട്ടോർ സൈക്കിളിൽ സ്കൂളിലെത്തുന്ന ടിയാന് 5 മിനിറ്റിനുള്ളിൽ സ്കൂളിലെത്താനും ജോലികൾ ചെയ്യാൻ സാധിക്കും.

15. എന്നാൽ ജോലിചെയ്യാനുള്ള ടിയാന്റെ വിമുഖതയും പ്രതികാര മനോഭാവവുമാണ് പരാതിക്ക് കാരണം എന്ന് തിരുവനന്തപുരം ആർ.ഡി.ഡി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഹയർ സെക്കൻഡറിയിൽ നിലവിൽ ക്ലാർക്ക് തസ്തിക അനുവദിച്ചിട്ടില്ല. ഹയർ സെക്കൻഡറിയുമായി ബന്ധപ്പെട്ട ഓഫീസ് ജോലികൾ ഏൽപ്പിക്കുമ്പോൾ ടിയാൻ പരുഷമായി പെരുമാറുമെന്നും ഓഫീസ് പ്രവർത്തനങ്ങൾ കൃത്യമായി ചെയ്യാത്ത ഇയാൾക്കെതിരെ നിയമ നടപടികൾ സ്വീകരിക്കാൻ ആലോചിക്കുന്നതായി മാനേജർ അറിയിച്ചിട്ടുള്ളതായും പൊതുവിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**സർക്കാർ ടി വിഷയം വിശദമായി പരിശോധിക്കുകയുണ്ടായി.**

16. കെ.ഇ.ആർ അധ്യായം 14 എ-ലെ ചട്ടം 57 പ്രകാരം വരുത്തിയ ഭേദഗതി പ്രകാരം ഹയർ സെക്കന്ററി സ്കൂളുകളിൽ, ഹൈസ്കൂൾ വിഭാഗത്തിൽ അനുവദിച്ച തസ്തികകളിൽ സേവനം അനുഷ്ഠിക്കുന്ന അനധ്യാപകരുടെ കാഷ്വൽ ലീവ് അനുവദിക്കാനുള്ള അധികാരം ഹയർ സെക്കന്ററി പ്രിൻസിപ്പലിനാണ് നല്കിയിരിക്കുന്നത്. 31/05/2019 മുതൽ പ്രാബല്യമുള്ള മേൽ ചട്ടഭേദഗതി എല്ലാ ഹയർ സെക്കണ്ടറി സ്ക്കൂളുകൾക്കും ബാധകമാണ്.

17. ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ നിർദ്ദേശം ഹർജിക്കാരന്റെ അവകാശങ്ങളെ യാതൊരു തരത്തിലും ഹനിക്കുന്നില്ല. ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ നിർദ്ദേശത്തിന് എതിരെ ഹർജിക്കാരൻ മേലധികാരികളായ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ, പൊതുവിദ്യാഭ്യാസ ഡയറക്ടർ എന്നീ അധികാരസ്ഥാനങ്ങളെ സമീപിക്കാതെ നേരിട്ടാണ് സർക്കാരിന് റിവിഷൻ ഹർജി നൽകിയിരിക്കുന്നത്. ടി വസ്തുതകളുടെയും പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ ഹർജിക്കാരന്റെ റിവിഷൻ പെറ്റിഷനിലെ ആവശ്യങ്ങൾ നിരസിച്ച് അപ്രകാരം ശ്രീ. മുരളി മോഹൻ വി.എസ്. ഫയൽ ചെയ്ത റിട്ട് ഹർജി നം.3447/2025-ൽ 28.01.2025 തീയതി ബഹു. കേരള ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായം പാലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SUNITHA S GEORGE
അണ്ടർ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം (അറിവിലേക്കായി)
ശ്രീ.മുരളി മോഹൻ വി.എസ്., ഓഫീസ് അറ്റൻഡന്റ്, എം.ജി.എച്ച്.എസ്.എസ്., കണിയാപുരം, തിരുവനന്തപുരം-695 301
പൊതുവിദ്യാഭ്യാസ ഡയറക്ടർ , തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്)/(എ&ഇ), കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ, എം.ജി.എച്ച്.എസ്.എസ്., കണിയാപുരം, തിരുവനന്തപുരം-695 301
മാനേജർ, എം.ജി.എച്ച്.എസ്.എസ്., കണിയാപുരം, തിരുവനന്തപുരം-695 301
വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Resmi Babu
Date: 23-06-2025 11:09:16

സെക്ഷൻ ഓഫീസർ

പകർപ്പ്:
ബഹു. പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുടെ പി.എസ്.ന്.
പൊതുവിദ്യാഭ്യാസ സെക്രട്ടറിയുടെ സി.എ.യ്ക്ക്.